# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 797 — 04.03.2020-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയുടെ പുനരധിവാസ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലം നഷ്ടം സംഭവിച്ച ക്ഷീരമേഖലയെ പുനരുദ്ധരിക്കുന്നതിനും ക്ഷീരകർഷകരെ പുനരധിവസിപ്പിക്കുന്നതിനും ഈ സർക്കാർ പ്രത്യേക പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ക്ഷീരവികസന വകുപ്പ് 2018-19 ലും 2019-20 ലും 22 കോടി രൂപയുടെ പ്രത്യേക പുനരധിവാസ പദ്ധതി നടപ്പിലാക്കിയിരുന്നു.<br>മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം, 2018 ലെ പ്രളയം രൂക്ഷമായി ബാധിച്ച 7 ജില്ലകളിൽ കിടാരി വളർത്തൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയ്ക്കായി 2.81 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് ഒരു കിടാരിയും തീറ്റയുമുൾപ്പെടെ 25000 രൂപയുടെ ധനസഹായം ലഭിക്കും. 1120 ഗുണഭോക്താക്കൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കും. |
| (ബി) കറവപ്പശുക്കളെ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് ഇതരസംസ്ഥാനങ്ങളിൽ നിന്നും കറവപ്പശു-ക്കളെ വാങ്ങി നൽകുന്നതിനും നാശം സംഭവിച്ച തൊഴുത്തുകൾ പുനർനിർമ്മിക്കുന്നതിനും ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ബി) കറവപ്പശുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് കറവപ്പശുക്കൾ വാങ്ങുന്നതിനും തൊഴുത്ത് നവീകരിക്കുന്നതിനും ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നുണ്ട്. |
| (സി) പ്രസ്തുത പുനരധിവാസ പദ്ധതിയിൽ കാലികളുടെ ആരോഗ്യസംരക്ഷണത്തിനായി സബ്സിഡി നിരക്കിൽ ധാതുലവണ മിശ്രിതം നൽകുന്നതിനുള്ള നടപടി ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) ധാതുലവണ മിശ്രിതം സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തെ കൂടുതൽ ക്ഷീരകർഷകർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) കൂടുതൽ കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ